**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1805

14.07.2011-ൽ മറുപടിയ്ക്ക്

## വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള വെക്ടർ കൺട്രോൾ യൂണിറ്റുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) പത്തനംതിട്ട, ഇടുക്കി, വയനാട്, കോട്ടയം എന്നിവ ഒഴികെയുള്ള ജില്ലകളിൽ മന്തുരോഗ നിയന്ത്രണത്തിനായി പ്രവർത്തിച്ച് വന്നിരുന്ന ദേശീയ മന്തുരോഗ നിയന്ത്രണ യൂണിറ്റുകളെ (N.F.C.P.യൂണിറ്റ്) പുനഃക്രമീകരണം നടത്തിക്കൊണ്ട് 2010 ഫെബ്രുവരിയിൽ സർക്കാർ 14 ജില്ലകളിലും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ (DVC യൂണിറ്റുകൾ) സ്ഥാപിക്കുകയുണ്ടായി. ഈ യൂണിറ്റുകളുടെ മേൽനോട്ടം വഹിക്കുന്നത് ബയോളജിസ്റ്റുകളാണ്. കൊതുക് നശീകരണ പ്രവർത്തനങ്ങളാണ് ബയോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഡി.വി.സി യൂണിറ്റിൽ പ്രധാനമായും നടന്നുവരുന്നത്. 14 ഡി.വി.സി. യൂണിറ്റിലുമായി ആകെ 751 പേർ പ്രവർത്തിച്ചു വരുന്നു. ബയോളജിസ്റ്റിനു പുറമെ അസിസ്റ്റന്റ് എന്റമോളജിസ്റ്റ് ഫൈലേറിയ ഇൻസ്പെക്ടർ, ഫീൽഡ് അസിസ്റ്റന്റ്, ഇൻസെക്ട് കളക്ടർ, ലബോറട്ടറി ടെക്നീഷ്യൻ, ജൂനിയർ ലാബ് അസിസ്റ്റന്റ്, ഫീൽഡ് വർക്കർ എന്നീ സാങ്കേതിക വിഭാഗം ജീവനക്കാരും, ക്ലാർക്ക് ടൈപ്പിസ്റ്റ്, ഡ്രൈവർ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ ഓഫീസ് വിഭാഗം ജീവനക്കാരും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ഏതെല്ലാം വെക്ടർ കൺട്രോൾ യൂണിറ്റുകളിൽ സീനിയർ ബയോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വെക്ടർ കൺട്രോൾ യൂണിറ്റുകളിൽ സീനിയർ ബയോളജിസ്റ്റിന്റെ തസ്തിക ഒഴിഞ്ഞു കിടക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൽ ഒഴിഞ്ഞു കിടക്കുന്ന സീനിയർ ബയോളജിസ്റ്റിന്റെ തസ്തിക നികത്തുന്നതിന് ഡി.പി.സി. കൂടിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ; | | കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോ യൂണിറ്റിൽ ഒഴിഞ്ഞു കിടന്നിരുന്ന സീനിയ ബയോളജിസ്റ്റിന്റെ തസ്തിക 05.07.2011-ലെ ജി. ഒ. (ആർ.ടി) നം. 2448/2011/ആകുവ പ്രകാരം നികത്തിയിട്ടുണ്ട്. |
| (ഡി) | ഡി.പി.സി. സെലക്ട് ലിസ്റ്റ് ഡി.എച്ച്.എസിന് കൈമാറിയ തീയതിയും വിശദാംശങ്ങളും വ്യക്തമാക്കുമോ; | | |
| (ഇ) | സീനിയർ ബയോളജിസ്റ്റ് ശ്രീ.എസ്.പവിത്രന്റെ നിയമനവുമായി ബന്ധപ്പെട്ട് ഡി.എച്ച്.എസിൽ നിന്നും സെക്രട്ടേറിയറ്റിലേക്ക് പ്രൊപ്പോസൽ അയച്ചിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്. ഇ. ജി 1 - 36572/2011/ആവധ തീയതി 10.06.2011. |
| (എഫ്) | ഇല്ലെങ്കിൽ കാലതാമസം ഉണ്ടായതിനെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകുമോ; | (എഫ്) | ചോദ്യം ഉദിക്കുന്നില്ല |
| (ജി) | കോഴിക്കോട് ജില്ലയിൽ 1.1.2011-ന് ശേഷം എലിപ്പനി, ഡങ്കിപ്പനി, മലമ്പനി,ചിക്കൻഗുനിയ തുടങ്ങിയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ടെന്നും ഓരോന്നിലും എത്ര വീതം മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (ജി) | കോഴിക്കോട് ജില്ലയിൽ ജനുവരി 1 മുത ജൂലൈ 7-ാം തീയതി വരെ<br>എലിപ്പനി - 24<br>ഡെങ്കിപ്പനി - 25<br>മലമ്പനി - 57<br>ചിക്കുൻ ഗുനിയ - 2 കേസുകൾ റിപ്പോ ചെയ്തിട്ടുണ്ട്.<br>എലിപ്പനി മൂലം കോഴിക്കോട് ജില്ലയിൽ 3 കേ മരണപ്പെട്ടിട്ടുണ്ട്. മലമ്പനി, ഡെങ്കിപ്പ ചിക്കുൻ ഗുനിയ തുടങ്ങിയ രോഗങ്ങൾ മൂ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (എച്ച്) | കോഴിക്കോട് ജില്ലയിൽ ഡങ്കിപ്പനി, എലിപ്പനി മുതലായവ നിയന്ത്രിക്കുന്നതിന് 1-1-2011-ന് ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എച്ച്) | മുന്നൊരുക്ക പ്രവർത്തനമായി ജി മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ജി പ്രോഗ്രാം ആഫീസർമാർ ജില്ലയി സ്വീകരിക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എ ഡിപ്പാർട്ടുമെന്റുകളെയും പങ്കെടുപ്പിച്ചുകൊ പകർച്ചവ്യാധി നിയന്ത്രണം തുടങ്ങി |

വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിപുലമാക്കി. പഞ്ചായത്ത്, താലൂക്ക്, ജില്ല എന്നീ തലങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിക്കുകയും രോഗ നിരീക്ഷണം ഊർജ്ജിതമാക്കുകയും എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും കൺട്രോൾറൂം ആരംഭിക്കുകയും എല്ലാ ആശുപത്രികളിലും പനി ക്ലിനിക്കുകളും, പനി വാർഡുകളും ആരംഭിക്കുകയും താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും മൊബൈൽ മെഡിക്കൽ ടീം രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും മോണിറ്ററിംഗിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന ആളുകളിൽ നിന്നും മലേറിയ പോലുള്ള രോഗങ്ങളുടെ പകർച്ച തടയുന്നതിന് രക്തപരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെയും കടലോരപ്രദേശങ്ങളിലെയും ജനങ്ങൾക്കായി ആരോഗ്യ പരിപാലന പരിപാടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യത്തിനുള്ള മരുന്നുകളും കൊതുക് നിവാരണ കീടനാശിനികളും ലഭ്യമാക്കുകയും കൊതുകിന്റെ സാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ഡിപ്പാർട്ടുമെന്റുകൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിപുലമാക്കി. പഞ്ചായത്ത്, താലൂക്ക്, ജില്ല എന്നീ തലങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിക്കുകയും രോഗ നിരീക്ഷണം ഊർജ്ജിതമാക്കുകയും എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ജില്ലാതലത്തിലും കൺട്രോൾറൂം ആരംഭിക്കുകയും എല്ലാ ആശുപത്രികളിലും പനി ക്ലിനിക്കുകളും, പനി വാർഡുകളും ആരംഭിക്കുകയും താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും മൊബൈൽ മെഡിക്കൽ ടീം രൂപീകരിച്ച് പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. കൊതുകിന്റെ ഉറവിടനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും രോഗനിർണ്ണയത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന ആളുകളിൽ നിന്നും മലേറിയ പോലുള്ള രോഗങ്ങളുടെ പകർച്ച തടയുന്നതിന് രക്തപരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തുകയും പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെയും കടലോരപ്രദേശങ്ങളിലെയും ജനങ്ങൾക്കായി ആരോഗ്യ പരിപാലന പരിപാടി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യത്തിനുള്ള മരുന്നുകളും കൊതുക് നിവാരണ കീടനാശിനികളും ലഭ്യമാക്കുകയും കൊതുകിന്റെ സാന്ദ്രത കൂടിയ സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ